

GOVERNMENT HIGH SCHOOL AROOR
KARIMPANA P.O. KOOTHATTUKULAM

# ഗവ:ഹൈസ്കൂൾ ആരൂർ

# വിദ്യാലയ അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണം വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ
7. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതിവിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടം
10. മോണിറ്ററിംഗ്
11. ഉപസംഹാരം
12. അനുബന്ധം

## സ്കൂൾ - അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിൻറെ പേര് | : | ഗവ: ഹൈസ്കൂൾ ആറൂർ |
| വിലാസം | : | കരിമ്പന. പി.ഒ., കൂത്താട്ടുകുളം, |
| | | എറണാകുളം - 686662 |
| ഫോൺ | : | 0485 2960032 |
| 2. സ്കൂൾ കോഡ് | : | 28054 |
| 3. വിദ്യാഭ്യാസ ഉപജില്ല | : | കൂത്താട്ടുകുളം |
| 4. വിദ്യാഭ്യാസ ജില്ല | : | മുവാറ്റുപുഴ |
| 5. റവന്യൂ ജില്ല | : | എറണാകുളം |
| 6. ബി.ആർ.സി. | : | കൂത്താട്ടുകുളം |
| 7. സി.ആർ.സി. | : | ആറൂർ |
| 8. ഗ്രാമപഞ്ചായത്ത് | : | പാലക്കുഴ (1-ാം വാർഡ്) |
| 9. ബ്ലോക്ക് പഞ്ചായത്ത് | : | പാമ്പാക്കുട |
| 10.ജില്ലാ പഞ്ചായത്ത് | : | എറണാകുളം (ആവോലി) ഡിവിഷൻ |
| 11. നിയമസഭാ മണ്ഡലം | : | മൂവാറ്റുപുഴ |
| 12.ലോകസഭാ മണ്ഡലം | : | ഇടുക്കി |
| 13. താലൂക്ക് | : | മൂവാറ്റുപുഴ |
| 14. വില്ലേജ് | : | പാലക്കുഴ |
| 15. ഇ-മെയിൽ | : | ghsaroor28055@gmail.com |
| വെബ് സൈറ്റ് | | https://schoolwiki.in/GHS_Aroor |
| സ്കൂൾ വിക്കി | : | https://schoolwiki.in/ഗവ.എച്ച്.എസ്._ആറൂർ |
| 16. ഹെഡ്മിസ്റ്റ്രെസ്സ് | : | ജസീന എൻ വി |
| 17. പി.ടി.എ. പ്രസിഡന്റ് | : | ഐ എ രാജൻ |

## 1.ആമുഖം

പാലക്കുഴ ഗ്രാമപഞ്ചായത്തിൽ വടക്കൻ പാലക്കുഴയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. എം.സി. റോഡിനോടു ചേർന്ന് മേരിഗിരി സെന്റ്മേരീസ് പള്ളിക്ക് അഭിമുഖമായി മനോഹരമായ കുന്നിൻപുറത്താണ് വിദ്യാലയം നിർമ്മിച്ചിട്ടുള്ളത്.

## 2. ലക്ഷ്യങ്ങൾ

a) മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ

അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.

b) അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.

c) LKG മുതൽ പത്താംക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുബന്ധമായി നേടിയ ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

d) അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

e) ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരുടെ പിന്തുണയും സഹകരണവും ഉറപ്പുവരുത്തൽ

## 3. വിദ്യാലയം - ലഘുചരിത്രം

ഈ പ്രദേശത്തെ പ്രധാന വ്യക്തികളുടെ കൂട്ടായ്മയുടെ ഭാഗമമായി

1951-ൽ യു.പി. വിഭാഗം മാത്രമുള്ള മിഡിൽ സ്കൂളായി പ്രവർത്തനം ആരംഭിച്ചു. യശ്ശഃശരീരനായ ശ്രീ വട്ടക്കാവിൽ കുര്യൻ സൗജന്യമായി 84 സെന്റും ശ്രീമതിമാർ അന്നം, ഏലി എന്നിവർ നാമ മാത്രമായ പ്രതിഫലം വാങ്ങി 10 സെന്റ് വീതം സ്ഥലവും നൽകിയാണ് സ്കൂൾ യാഥാർത്ഥ്യമാക്കിയത്. പിന്നീട് ആവശ്യമായ മുക്കാൽ ഏക്കറോളം സഥലവും വട്ടക്കാവിൽ കുടുംബം വിട്ടുനൽകുകയുണ്ടായി. 1955-ൽ എൽ.പി. വിഭാഗവും 2013-ൽ ആർ.എം.എസ്.എ പദ്ധതിയിൽപ്പെടുത്തി ഹൈസ്കൂൾ വിഭാഗവും പ്രവർത്തനം ആരംഭിച്ചു. ഏതാനും വർഷം മുമ്പു വരെ ഈ പ്രദേശത്തെ എല്ലാ വിഭാഗം കുട്ടികളും ഈ സ്കൂളിൽ ചേർന്നു പഠിച്ചിരുന്നു എങ്കിലും ഇപ്പോൾ വിദ്യാർത്ഥികൾ കുറവാണ്. എൽ.കെ.ജി. മുതൽ 10-)o ക്ലാസ്സ് വരെ 108 കുട്ടികൾ ഇപ്പോൾ പഠനം നടത്തുന്നു.

പാലക്കുഴ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു എങ്കിലും തിരുമാറാടി, ആരക്കുഴ പഞ്ചായത്തുകൾ അതിരിടുന്ന പ്രദേശമായതിനാൽ ഈ പഞ്ചായത്തുകളിൽനിന്നുമുള്ള കുട്ടികൾ ഇവിടെ കൂടുതലായി ചേർന്നു പഠിച്ചുവരുന്നു. ഹൈസ്കുളായി അപ്ഗ്രേഡ് ചെയ്തതിനുശേഷം പുറത്തുവന്ന പതിനൊന്ന് എസ്.എസ്.എൽ.സി. ബാച്ചുകളും നൂറുമേനി വിജയം നേടി സ്കൂളിന്റെ അഭിമാനമുയർത്തുകയുണ്ടായി. കലാകായിക പ്രവൃത്തി പരിചയമേളകളിലും അഭിമാനാർഹമായ വിജയം ഈ വിദ്യാലയത്തിലെ കുട്ടികൾ കൈവരിക്കുന്നു. ജില്ലയിലെ വ്യവസായപ്രമുഖനായ ഡെന്റ് കെയർ ഡെന്റൽ ലാബ് ഉടമ ശ്രീ. ജോൺ കുര്യാക്കോസ് ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിയാണ്. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രശസ്തരായ നിരവധി വ്യക്തികൾ ഇവിടുത്തെ പൂർവ്വവിദ്യാർത്ഥികളായുണ്ട്.

## 4. വിദ്യാലയം - മികവിന്റെ കേന്ദ്രം: കാഴ്ചപ്പാട്

a) പാഠ്യ, പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.

b) ശുചിത്വം, സമത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

c) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

d) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്കു കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ,

e) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ച തിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.

f) നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പൊതു ഇടമാക്കി സ്കൂളിനെ ഉയർത്തൽ

## 5. പദ്ധതി രൂപീകരണം - വിവിധ ഘട്ടങ്ങൾ

a. എസ്.ആർ.ജി. യോഗ യോഗത്തിൽ സമഗ്ര ഗുണമേന്മവിദ്യാഭ്യാസ മാർഗരേഖ അവതരിപ്പിക്കലും ചർച്ചയും.

b. നിലവിലുള്ള സ്കൂൾ വികസനസമിതി, പി.ടി.എ., എം.പി.ടി.എ. സ്റ്റാഫ് കൗൺസിൽ സംയുക്തയോഗം.

c. വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ചു തയ്യാറാക്കുന്നതിന് സബ് കമ്മിറ്റികൾ രൂപീകരിക്കൽ.

d. വിവിധ സബ് കമ്മിറ്റികൾ തയ്യാറാക്കിയ രൂപരേഖ SRG, SMC, വികസനസമിതി, എം.പി.ടി.എ., എസ്. എസ്.ജി., ജനപ്രതിനിധികൾ, സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകർ, പൂർവ്വവിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കുക.

e. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ-വർഷാവർഷം AMP പരിഷ്കരിക്കൽ.

6. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

6.സ്കൂൾ - നിലവിലുള്ള അവസ്ഥാവിശകലനം

നേട്ടങ്ങളും പരിമിതികളും - ഭൗതികം

നബാർഡ് , ജില്ലാ പഞ്ചായത്ത് ഇവയുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് രണ്ടു കോടിഎൺപത്തഞ്ച് ലക്ഷം രൂപ മുടക്കി നിർമിച്ച ആധുനിക സൌകര്യങ്ങളോട് കൂടിയ  രണ്ട് കെട്ടിടങ്ങളിലാണ് ക്ലാസുകൾ നടക്കുന്നത്.

മികച്ച ശാസ്ത്രലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്..

കായിക വിദ്യാഭ്യാസം മികവുറ്റതാക്കാൻ മികച്ച കളിസ്ഥലമില്ല. ആധുനികരീതിയിലുള്ള ടോയ്ലറ്റുകൾ ആവശ്യമാണ്. ചുറ്റുമതിൽ, കവാടം, മികച്ച

അടുക്കള, ഭോജനശാല എന്നിവയും നിലവിലില്ല. മികച്ച നിലയിലുള്ള ജൈവവൈവിധ്യ ഉദ്യാനവും പൂന്തോട്ടവും നിലവിലുണ്ട്.

എം.സി റോഡിനോടു ചേർന്നു സ്ഥിതിചെയ്യുന്നു എങ്കിലും കുട്ടികൾക്ക് ഗതാഗതസൗകര്യം പരിമിതമാണ്. കെ.എസ്.ആർ.ടി. സി.യെ ആശ്രയിച്ചുള്ള യാത്ര ദുരിതം നിറഞ്ഞതാണ്. നിലവിൽ ഓട്ടോറിക്ഷകൾ ക്രമീകരിച്ച് നടത്തുന്ന സംവിധാനം സ്വന്തമായ സ്കൂൾ വാഹനമെന്ന ലക്ഷ്യം പൂർത്തീകരിച്ചാൽ മാത്രമേ വിജയകരമാവൂ.

## അക്കാദമികം - നേട്ടങ്ങളും പരിമിതികളും

2013 ൽ ഹൈസ്കൂൾ ആക്കിയതു മുതൽ എസ്.എസ്.എൽ.സി.യിൽ ഇതുവരെയുള്ള മുഴുവൻ ബാച്ചുകളിലും നൂറുമേനിയോടെ സമ്പൂർണവിജയം. എൽ.എസ്.എസ്., യു.എസ്.എസ് പരീ ക്ഷകളിൽ ഇവിടുത്തെ കുട്ടികൾ വിജയിച്ചുവരുന്നു. ഗണിതം സോഷ്യൽ സയൻസ് ക്വിസ് മത്സരങ്ങളിൽ ജില്ലാതലത്തിൽ വിജയം നേടി. കലാ കായിക പ്രവൃത്തി പരിചയ മേളകളിൽ ഉപജില്ലാ തലത്തിൽ റണ്ണർഅപ്പ് JRC യൂണിറ്റ് വിവിധ ക്ലബ്ബുകൾ എന്നിവ പ്രവർത്തിക്കുന്നു. ക്ലാസ് ലൈബ്രറികൾ പ്രവർത്തിക്കുന്നു. പൊതുജനപങ്കാളിത്തത്തോടെ ആനുകാലികങ്ങൾ ലഭ്യമാക്കുന്നു.

സ്കൂൾ ഗ്രന്ഥശാല, സയൻസ് ലാബ് എന്നിവ ഇനിയും നവീകരിക്കണം.. കൂടുതൽ ലഭ്യമാക്കണം. കലാകായിക പഠനത്തിന് വിദഗ്ധപരിചയം നേടിയ അദ്ധ്യാപകരില്ല. മികച്ച രീതിയിലുള്ള LKG ക്ലാസ്സുകൾ പ്രവർത്തിക്കുന്നു. ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് പൂർവ്വവിദ്യാർത്ഥി കൂടിയായ വ്യവസായപ്രമുഖന്റെ സ്പോൺസർഷിപ്പ് നേടാൻ കഴിഞ്ഞിട്ടുണ്ട്. പ്രീ പ്രൈമറിക്കും 9,10 ക്ലാസ്സുകൾക്കും

കൂടി വ്യാപിപ്പിച്ച ഉച്ചഭക്ഷണ പരിപാടിക്കായി അധികമായി വരുന്ന വാർഷിക തുകയും സ്പോൺസർഷിപ്പിലൂടെ കണ്ടെത്താനായിട്ടുണ്ട്.

കുടുംബനാഥന്റെ മരണം, രോഗം തുടങ്ങിയവ മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് മികച്ച നിലയിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനു കഴിയുന്നു. വിദ്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ, ക്ലബ്ബുകൾ, പൂർവ്വാധ്യാപക കൂട്ടായ്മ തുടങ്ങിയവയുടെ സഹകരണം ഉറപ്പുവരുത്തുന്നു.

മഴക്കാലത്ത് കുട്ടികൾക്ക് വാഹനങ്ങളിലേക്ക് മഴ നനയാതെ കയറാനും ഇറങ്ങാനും ഉള്ള സംവിധാനം , ജീവനക്കാരുടെയും കുട്ടികളുടെയും വാഹനങ്ങൾ സുരക്ഷിതമായി പാർക്ക് ചെയ്യാനുള്ള ഷെഡ് എന്നിവ സജ്ജമാക്കേണ്ടതുണ്ട്. കുടിവെള്ള സൗകര്യം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ലൈബ്രറി ശാക്തീകരണം | ക്ലാസ്സ് റൂം | പൂർവ്വ വിദ്യാർത്ഥി സംഘടന ശാക്തീകരണം |
| ലബോറട്ടറി നവീകരണം | ഭോജനശാല | പൂർവ്വാധ്യാപക കൂട്ടായ്മ |
| സാഹിത്യ പോഷണ പരിപാടികൾ | പ്രീ പ്രൈമറി റിക്രിയേഷൻ ഹാൾ | അമ്മ ലൈബ്രറി |

| | | |
|---|---|---|
| കലാകായിക പ്രവർത്തി പരിചയം ഉള്ള | സ്കൂൾ വാൻ | വിദ്യാലയ വികസന സമിതി |
| പച്ചക്കറിത്തോട്ടം | ഇൻഡോർ സ്റ്റേഡിയം | എസ്എംസി |
| ഗണിതലാബ് | | സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് |
| ബാല (BALA) | | എം പി ടി എ |
| ദിനാചരണങ്ങൾ | | എസ് എസ് ജി |
| ഔഷധത്തോട്ടം | | |
| സമഗ്ര ഗുണമേന്മ മൂല്യനിർണയ വിലയിരുത്തൽ പ്രവർത്തനം | | |
| ക്ലാസ് പി ടി എ ശാക്തീകരണം | | |
| ശാസ്ത്ര യാത്രകൾ | | |
| നാടകക്കളരി | | |

# A ഭൌതികം

പ്രവർത്തനം 1

കളിസ്ഥലം - ബാറ്റ്മിന്റൺ, വോളിബോൾ കോർട്ട്

ലക്ഷ്യം

കുട്ടികൾക്ക് മികച്ച കായികപരിശീലനം വിനോദം

സമയം:: 3 മാസം ചെലവ്

ചുമതല ജില്ലാ പഞ്ചായത്ത്

സാമ്പത്തികം ജില്ല പഞ്ചായത്ത് 3 കോടി ഫണ്ട്

പ്രവർത്തനം 2

ഡൈനിംഗ് ഹാൾ

ലക്ഷ്യം

: സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആരോഗ്യകരമായ രീതിയിൽ ഭക്ഷണം തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നതിനും

: സമയം: 6 മാസം

ചെലവ് 20 ലക്ഷം (RMSA 3 കോടി ഫണ്ട്

ചുമതല ജില്ലാ പഞ്ചായത്ത്

പ്രവർത്തനം 3

പ്രീ-പ്രൈമറി റിക്രിയേഷൻ ഹാൾ

ലക്ഷ്യം: നിലവിലുള്ള പ്രീ-പ്രൈമറി കെട്ടിടത്തിനു മുകളിൽ കുട്ടികൾക്കു സുരക്ഷിതമായി കളിക്കുന്നതിനുള്ള ഹാളും ഉപകരണങ്ങളും ലഭ്യമാക്കൽ

സമയം:: 3 മാസം

ചെലവ് * 6 ലക്ഷം (ssk 3 കോടി ഫണ്ട്)

ചുമതല ജില്ലാ പഞ്ചായത്ത്

പ്രവർത്തനം 4

ലാബറട്ടറി : മുഴുവൻ കുട്ടികൾക്കും പ്രയോജനപ്പെടുന്നതരത്തിലുള്ള ലാബറട്ടറി നിർമ്മിച്ച് സജ്ജീകരിക്കൽ

ചെലവ് : 15 ലക്ഷം (RMSA 3 കോടി ഫണ്ട്)

സമയം :: ഒരു വർഷം

ചുമതല ജില്ലാ പഞ്ചായത്ത്

പ്രവർത്തനം 6

വാഹന ഷെഡ്

ലക്ഷ്യം: നിലവിലുള്ള മികച്ച രീതിയിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിനോട് ചേർന്ന് ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സംവിധാനം ഒരുക്കൽ

സമയം :: 3 മാസം

ചെലവ് : 4 ലക്ഷം

ചുമതല വിദ്യാഭ്യാസ വകുപ്പ്,ജില്ല പഞ്ചായത്ത്

സാമ്പത്തികം എം.എൽ.എ. ഫണ്ട്

പ്രവർത്തനം 7

സ്കൂൾ ബസ്

ലക്ഷ്യം

: യാത്രാക്ലേശം പരിഹരിക്കുന്നതിനും നിലവിലുള്ള ഓട്ടോ സർവ്വീസ് അവസാനിപ്പിച്ച് കുട്ടികൾക്ക് സുരക്ഷിതയാത്ര ഒരുക്കുന്നതിനും സ്കൂൾ ബസ് ലഭ്യമാക്കൽ (20 സീറ്റർ)

സമയം 6 മാസം

ചെലവ്: 20ലക്ഷം

നടത്തിപ്പ്: വിദ്യാഭ്യാസ വകുപ്പ്

സാമ്പത്തികം: എം.പി. ഫണ്ട്

പ്രവർത്തനം 8

ചുറ്റുമതിൽ, കാലവർഷത്തിൽ ഇടിഞ്ഞുപോയ കളി സ്ഥലത്തിന്റെ സംരക്ഷണ ഭിത്തി പുനർനിർമാണം

ലക്ഷ്യം: സുരക്ഷിതമായ കളിസ്ഥലം

സമയം: 6 മാസം

ചെലവ്:: 620000

നടത്തിപ്പ്: ജില്ലാ പഞ്ചായത്ത്

പ്രവർത്തനം 9

അസംബ്ലി ഹാൾ, ഇൻഡോർ ഓഡിറ്റോറിയം

പുതിയ രണ്ടു കെട്ടിടങ്ങളുടെയും ഇടയിലുള്ള മുറ്റം ടൈൽ വിരിച്ച് മേൽകൂരയിട്ട് കുട്ടികൾക്ക് മോർണിംഗ് അസംബ്ലി, ഇൻഡോർ ഗെയിംസ് തുടങ്ങിയവയ്ക്കുവേണ്ട സംവിധാനം നിർമ്മിക്കുക.

ചെലവ് 20 ലക്ഷം (RMSA 3 കോടി ഫണ്ട്)

സമയം : 10 മാസം

നടത്തിപ്പ് : ജില്ലാ പഞ്ചായത്ത്

## B അക്കാദമികം

പ്രവർത്തനം 10

ലൈബ്രറി ശാക്തീകരണം

ലക്ഷ്യം

: എല്ലാ വിഷയങ്ങളുടെയും പഠനത്തെ സഹായിക്കുന്ന തരത്തിൽ മികച്ച ലൈബ്രറി സജ്ജമാക്കൽ

പ്രവർത്തനങ്ങൾ

: വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, പൊതു ജനങ്ങൾ തുടങ്ങിയവരിൽനിന്ന് പുസ്തകങ്ങൾ ശേഖരിക്കൽ

സമയം: 6 മാസം

ചെലവ്

സാമ്പത്തികം: RMSA ഫണ്ട്, സ്പോൺസറിംഗ്

പ്രവർത്തനം 11

ജൈവവൈവിധ്യ ഉദ്യാനം

ലക്ഷ്യം: പ്രകൃതിയെ അടുത്തറിയാനും സഹജീവികളെ മനസിലാക്കാനും സ്നേഹിക്കാനും അവസരമൊരുക്കുക.

പ്രവർത്തനങ്ങൾ

സ്കൂളിൽ നിലവിലുള്ള ജൈവവൈവിധ്യ ഉദ്യാനം നവീകരിക്കുക, അപൂർവ വന വൃഷങ്ങൾ ഉൾപ്പെടെയുള്ളയ്ക്കു ബോർഡ് സ്ഥാപിക്കൽ   അതിനോടനുബന്ധിച്ച് ശലഭോദ്യാനം, കിഡ്സ്പാർക്ക്, ഹരിത ഗൃഹം എന്നിവ സജ്ജമാക്കുക.

കാലം: 1 മാസം

ചുമതല: പരിസ്ഥിതി ക്ലബ്ബ്, പി ടി എ

സാമ്പത്തികം: 40,000: MLA ഫണ്ട്, സ്പോൺസറിംഗ്

പ്രവർത്തനം 12

പേര്     ഗണിത പൂന്തോട്ടം

മേഖല    അക്കാദമികം

ലക്ഷ്യം   ഗണിതം മധുരതരമാക്കൽ

പ്രവർത്തനങ്ങൾ : ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പൂന്തോട്ടം സജ്ജമാക്കൽ

കാലം : ഒരു പ്രാവശ്യം

ചുമതല : ഗണിതക്ലബ്ബ്

സാമ്പത്തിക വിശകലനം പി.ടി.എ.

പ്രവർത്തനം 13

പേര് : ഗണിത പ്രശ്നോത്തിരി

: അക്കാദമികം

ലക്ഷ്യം : മത്സരബുദ്ധിയോടെ ഗണിതാശയങ്ങൾ ഗ്രഹിക്കുന്നതിനും കൂടുതൽ അറിവ് നേടുന്നതി നുള്ള അവസരം ഒരുക്കൽ

പ്രവർത്തനങ്ങൾ : മാസത്തിൽ ഒരിക്കൽ സ്കൂൾതലക്വിസ് മത്സരങ്ങൾ നടത്തുക. വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുക, ചോദ്യങ്ങളും ഉത്തരങ്ങളും ഗണിത ബോർഡിൽ പ്രദർശിപ്പിക്കുക.

കാലംഎല്ലാ മാസവും

ചുമതല : ഗണിതക്ലബ്ബ്

സാമ്പത്തിക വിശകലനം: പ്രത്യേക ചെലവില്ല.

പ്രവർത്തനം 14

ഗണിത ലാബ്

ലക്ഷ്യം: ഗണിതപഠനം രസകരമാക്കൽ

പ്രവർത്തനങ്ങൾ :

വിവിധതരം കളികളിലൂടെ ഗണിതത്തിന്റെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കൽ - പാമ്പും കോണിയും etc.

കാലം ഓരോ ക്ലാസിനും ആഴ്ചയിൽ 1 മണിക്കൂർ

ചുമതല: SRG, PTA, ഗണിതക്ലബ്ബ്

സാമ്പത്തികം: PTA - 3000 ം

പ്രവർത്തനം 15

BALA (Building As a Learning Aid)

ലക്ഷ്യം : പ്രൈമറി, പ്രീപ്രൈമറി ക്ലാസുകളുടെ ചുമരു കൾ ചിത്രകഥകൾകൊണ്ടും മറ്റു ചിത്രങ്ങൾ കൊണ്ടും നിറയ്ക്കുക.

പ്രവർത്തനങ്ങൾ

പ്രൈമറിക്ലാസുകളിൽ വിവിധ വിഷയങ്ങൾ കഥകളിയുടെയും നരേഷനിലൂടെയും അവതരിപ്പിക്കുന്നതിന് അനുയോജ്യമായ ചിത്രങ്ങൾ ഉൾപ്പെടുന്ന ചുവരുകൾ

കാലം: 2 മാസം

ചുമതല SRG, PTA

സാമ്പത്തികം 2 ലക്ഷം രൂപ - SSA, RMSA ഫണ്ട്

പ്രവർത്തനം 16

ശാസ്ത്ര പോഷണ പരിപാടി

ലക്ഷ്യം

ശാസ്ത്രീയ മനോഭാവവും സമീപനവും രൂപപ്പെടുത്തൽ

പ്രവർത്തനങ്ങൾ

കാലം

: ശാസ്ത്രത്തിന്റെ രീതി, ജനപക്ഷശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ, മേളകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

ചുമതല : സയൻസ് ക്ലബ്ബ്

കാലം : മാസം തോറും

സാമ്പത്തികം : 6000/- S.S.G.

പ്രവർത്തനം 17

ശാസ്ത്രയാത്രകൾ (Field Trips)

ലക്ഷ്യം

ശാസ്ത്രപഠനം രസകരമാക്കൽ, പ്രകൃതി നിരീക്ഷണം.

പ്രവർത്തനങ്ങൾ

കാർഷിക നഴ്സറികൾ, കൃഷിയിടങ്ങൾ, പ്രദർശനങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, കാവുകൾ തുടങ്ങിയവ സന്ദർശിക്കൽ

കാലം     മാസം ഒരു യാത്ര

ചുമതല സയൻസ് ക്ലബ്ബ്, എസ്.ആർ.ജി.

സാമ്പത്തികം: 1500 രൂപ, പി ടി എ

പ്രവർത്തനം 18:

രചനാ ശില്പ്പശാല

ലക്ഷ്യം   സർഗ്ഗാത്മകരചനയ്ക്ക് അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം.

പ്രവർത്തനങ്ങൾ

കഥയരങ്ങ്/കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് മുറിയെ പഠനസാമഗ്രിയായി ഉപയോഗിക്കൽ.

കാലം: മൂന്നു മാസത്തിൽ ഒരിക്കൽ

ചുമതല: വിദ്യാരംഗം കലാസാഹിത്യവേദി

സാമ്പത്തികം: 3000/- സ്പോൺസറിംഗ് P.T.A.

പ്രവർത്തനം 19

നാടകക്കളരി

ലക്ഷ്യം : ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്കു മാറ്റാനുള്ള ശേഷി വര്ധിപ്പിക്കൽ

പ്രവർത്തനങ്ങൾ : വിവിധഭാഷകളിൽ പഠിക്കുന്ന കഥകൾ, നോവലുകൾ, കവിതകൾ തുടങ്ങിയവയുടെ നാടകാവിഷ്കരണം

കാലം മാസം തോറും

ചുമതല

സാമ്പത്തികം

വിദ്യാരംഗം, ഇംഗ്ലീഷ്, ഹിന്ദി ക്ലബ്ബുകൾ

പ്രവർത്തനം 20

ബാലസഭ

പ്രവർത്തനങ്ങൾ :

: കുട്ടികളുടെ സംഗീതം, നൃത്തം, അഭിനയം തുടങ്ങിയ ശേഷികൾ, പരിപോഷിപ്പിക്കൽ

നൃത്തം, സംഗീതം, അഭിനയം തുടങ്ങിയ വയ്ക്ക് പരിശീലനം നൽകുക, സ്കൂളിൽ അവതരിപ്പിക്കുന്നതിനു സൗകര്യമൊരുക്കുക.

കാലം : അവധി ദിവസങ്ങൾ (പരിശീലനം) സർഗ്ഗവേദി (അവതരണം) വാർഷികം (അവതരണം)

ചുമതല: ആർട്സ് ക്ലബ്ബ്

സാമ്പത്തികം: 15000/- PTA

പ്രവർത്തനം 21

കായിക പരിശീലനം

ലക്ഷ്യം

പ്രവർത്തനങ്ങൾ

കായികപരിശീലനം കാര്യക്ഷമമാക്കൽ

: രാവിലെയും വൈകുന്നേരവും കായികപരിശീ ലനം

കാലം

: ആഴ്ചയിൽ 2 ദിവസം

ചുമതല : കായികാധ്യാപകൻ പി ടി എ, എസ്. എസ്. ജി

സാമ്പത്തികം : 20000/- സ്പോൺസർഷിപ്പ്

പ്രവർത്തനം 26

രാഷ്ട്രഭാഷ

ലക്ഷ്യം

ഹിന്ദി പഠനം കാര്യക്ഷമമാക്കൽ

പ്രവർത്തനങ്ങൾ

ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ തയ്യാറാക്കൽ

കാലം മാസത്തിൽ ഒന്നു വീതം

ചുമതല: ഹിന്ദി ക്ലബ്ബ്

സാമ്പത്തികം : 1000/- PTA

പ്രവർത്തനം: 27

ഇംഗ്ലീഷ്

പേര് : ഇംഗ്ലീഷ് അസംബ്ലി

ലക്ഷ്യം

ഇംഗ്ലീഷ് ഭാഷാ പഠനം

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനു മുള്ള ശേഷി വികസിപ്പിക്കുക.

പ്രവർത്തനങ്ങൾ ആഴ്ചയിൽ 2 ദിവസം കുട്ടികൾതന്നെ അസം ബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക, അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ഒരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ

കാലം : ആഴ്ചയിൽ 2 ദിവസം

ചുമതല : ക്ലാസ്സ് ടീച്ചർ

സാമ്പത്തിക വിശകലനം :

# C - സാമൂഹികം

പ്രവർത്തനം: 34

പൂർവ്വ വിദ്യാർത്ഥി സംഘടന, സംഗമം

: സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ : പൂർവ്വ വിദ്യാർത്ഥിസംഗമം സംഘടിപ്പിച്ച് സംഘടന രൂപീകരിക്കൽ, വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അറിയിക്കൽ, ഫണ്ട് സമാഹരിക്കൽ, വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ

കാലം വർഷത്തിൽ 2 തവണ :

ചുമതല

: പി.ടി.എ.

സാമ്പത്തികം: 3000/- പി.ടി.എ. ഫണ്ട്

പ്രവർത്തനം: 35

പൂർവ്വാധ്യാപക കൂട്ടായ്മ

ലക്ഷ്യം : സ്കൂളിൽ മുമ്പ് സേവനമനുഷ്ഠിച്ച് പിരിഞ്ഞ വരും സ്ഥലം മാറിപ്പോയവരമായ അധ്യാപക രുടെ പങ്കാളിത്തം സ്കൂൾ പ്രവർത്തനങ്ങ ളിൽ ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ : അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീ കരിക്കൽ, സ്കൂളിലെ പൊതുപരിപാടികളിലും ആഘോഷങ്ങളിലും പങ്കാളിയാക്കൽ

കാലം

വർഷം 3 തവണ

ചുമതല : സ്റ്റാഫ് കൗൺസിൽ, പി.ടി.എ.

സാമ്പത്തികം : 2000/- സ്റ്റാഫ് ഫണ്ട്

പ്രവർത്തനം: 36

അമ്മ ലൈബ്രറി

ലക്ഷ്യം

അമ്മമാരെ മികച്ച വായനക്കാരാക്കി അതു വഴി കുട്ടികളിൽ മികച്ച വായനാശീലം വളർത്തിയെടുക്കുക.

പ്രവർത്തനങ്ങൾ

: സ്കൂൾ ലൈബ്രറിയിൽനിന്നും അടുത്തുള്ള ഗ്രന്ഥശാലകളിൽനിന്നും പുസ്തകങ്ങൾ കുട്ടി കൾ വഴി വീട്ടിലെത്തിക്കുന്നു. അമ്മമാരും കുടുംബാംഗങ്ങളും പ്രോത്സാഹനം നൽകുന്നു. വായിക്കുന്നതിനുള്ള

കാലം: വർഷം മുഴുവനും ആഴ്ചയിൽ 1 പുസ്തകം

ചുമതല : വിദ്യാരംഗം കലാസാഹിത്യവേദി, ലൈബ്രേറിയൻ

സാമ്പത്തികം 1000/- ...

പ്രവർത്തനം: 37

പേര്       പി.ടി.എ./എം.പി.ടി.എ. സർഗോത്സവം

ലക്ഷ്യം

: അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക

പ്രവർത്തനങ്ങൾ : പി.ടി.എ.. മദേഴ്സ് ഫോറം അദ്ധ്യാപകർ      എന്നിവർ സംയുക്തമായി വിവിധ കലാപരി പാടികൾ കുട്ടികൾക്കു വേണ്ടി അവതരിപ്പി ക്കൽ, കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാന ങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ

കാലം വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല: പി.ടി.എ./എം.പി.ടി.എ./SRG

സാമ്പത്തികം: 10000/- പി.ടി.എ. ഫണ്ട്

പ്രവർത്തനം: 38

പേര്: മികവുറ്റ സ്കൂളിലേയ്ക്ക് പഠനയാത്ര

ലക്ഷ്യം : കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക

പ്രവർത്തനങ്ങൾ

: മികവാർന്ന വിധത്തിൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന

വിദ്യാലയങ്ങളിലേയ്ക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയാൻ

കാലം വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല: പി.ടി.എ./SRG

സാമ്പത്തികം: 5000/- പി.ടി.എ. ഫണ്ട്

പ്രവർത്തനം: 39

പേര്: പേരന്റ്റ് ഐ.റ്റി. ക്ലബ്ബ് രക്ഷിതാക്കൾക്ക് ഇ-സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

ലക്ഷ്യം: വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവ യ്ക്കൽ

പ്രവർത്തനങ്ങൾ: വൈകുന്നേരങ്ങളിൽ അവധിദിവസങ്ങളിൽ അമ്മമാർക്ക്

കമ്പ്യൂട്ടർ ലാബിൽ പരിശീലനം

കാലം: ആഴ്ചയിൽ ഒരു ദിവസം

ചുമതല HM.IT@School S.I.T.C.

സാമ്പത്തിക വിശ കലനം

പ്രവർത്തനം: 40

പേര് വിഷരഹിത പച്ചക്കറിഗ്രാമം

ലക്ഷ്യം   വിദ്യാലയത്തിലും പരിസരപ്രദേശങ്ങളിലും വിഷരഹിത പച്ചക്കറി ലഭ്യമാക്കൽ

പ്രവർത്തനം   : വിദ്യാലയമുറ്റത്തെ ഒഴിഞ്ഞുകിടക്കുന്ന സ്ഥല ങ്ങളിൽ പരമാവധി പച്ചക്കറി കൃഷി ചെയ്യൽ അവയുടെ പരിപാലനം കാർഷിക ക്ലബ്ബിന് രൂപം നൽകൽ

കാലം: വർഷത്തിൽ 2 പ്രാവശ്യം

ചുമതല പി.ടി.എ. കാർഷിക ക്ലബ്ബ്

സാമ്പത്തികം: 10000/- ...

പ്രവർത്തനം: 41

പേര്: അങ്കണവാടി കലോത്സവം

ലക്ഷ്യം: സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം

പ്രവർത്തനങ്ങൾ: വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകുൽ

കാലം     വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല പി ടി എ

സാമ്പത്തികം: 10000/- പി.ടി.എ. ഫണ്ട്

പ്രവർത്തനം: 42

പേര്       ബയോഗ്യാസ് പ്ലാന്റ്

പ്രവർത്തനങ്ങൾ

: മാലിന്യത്തെ ഊർജ്ജിമാക്കി മാറ്റൽ

: വിദ്യാലയത്തിലുണ്ടാവുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച്

പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ

കാലം 6 മാസം

ചുമതല

: പി.ടി.എ. ഉച്ചഭക്ഷണ കമ്മിറ്റി

സാമ്പത്തികം : 2 ലക്ഷം (അനെർട്ട്)

പ്രവർത്തനം: 43

പേര് : കിഡ്സ് പാർക്ക്

പ്രവർത്തനങ്ങൾ

: ആരോഗ്യകായിക വിനോദ ഉപാധിയൊരുക്കൽ

ജൈവ വൈവിധ്യ ഉദ്യാനത്തിൽ വലിയ മരത്ത ണലിൽ കിഡ്സ് പാർക്ക് ഒരുക്കൽ

കാലം: 3 മാസം

ചുമതല: പി.ടി.എ

സാമ്പത്തികം1,00,000/- സ്പോൺസറിംഗ് പൂർവ്വ വിദ്യാർത്ഥി കൾ

പ്രവർത്തനം: 45

പേര്

: പുസ്തക പ്രദർശനം

ലക്ഷ്യം

: വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറുക, ധനസമാഹരണം

പ്രവർത്തനങ്ങൾ

: JRC അംഗങ്ങൾ P.T.A. കമ്മറ്റിയംഗങ്ങൾ, കുട്ടികൾ, എന്നിവരുടെ ചെറുഗ്രൂപ്പ് മുൻകുട്ടി വാങ്ങിയ പ്രസാധകരുടെ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ വിറ്റഴിക്കൽ

കാലം

: മധ്യവേനലവധിക്കാലം

ചുമതല: JRC, P.T.A.

സാമ്പത്തികം 81000/- P.T.A.

പ്രതീക്ഷിത നേട്ടങ്ങൾ

* വിദ്യാലയ പ്രവേശന നിരക്കു വർദ്ധിക്കുന്നു.

* ശിശുസൗഹൃദമായി മികച്ച പഠനാന്തരീക്ഷം

* 'സ്കൂൾ സമൂഹത്തിന്റെ' എന്ന ആശയം സാക്ഷാത്കരിക്കുക.

* 'മതനിരപേക്ഷ സമൂഹം' കെട്ടിപ്പടുക്കാൻ സഹായിക്കുക.

* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണത തടയുന്നു.

മോണിറ്ററിംഗ്

ഉദ്യോഗസ്ഥതലത്തിൽ

ഹെഡ്മാസ്റ്റർ

ഡി.ഇ.ഒ.

ഡി.ഡി.ഇ.

ഒ.എസ്.എസ്. ടീം

സാമൂഹ്യ ഓഡിറ്റിംഗ്

: പി.ടി.എ

എസ്.എം.സി.

എം.പി.ടി.എ.

എസ്.എസ്.ജി.

പൂർവ്വ വിദ്യാർത്ഥി സംഘടന

തദ്ദേശസ്വയംഭരണ സ്ഥാപനം

11. ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കര ണവും ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഏവർക്കും പ്രതീക്ഷ നൽകുന്ന കർമ്മപദ്ധതിയായി പൊതുവിദ്യാഭ്യാസരംഗം മാറുകയാണ്. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടാൻ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും സംരക്ഷിക്കുന്നതിനും സമ്പുഷ്ടമാക്കു ന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട്.

അനുബന്ധം 1

## സ്കൂൾ പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി

1. ഐ എ രാജൻ — പ്രസിഡൻറ്
2. ദീപക് രവി — വൈസ് പ്രസിഡൻറ്
3. ജോൺ ചാക്കോ
4. അനിൽ പി ടി
5. ജോബി
6. മനു രാജപ്പൻ
7. മായ ബിജു
8. ഡിന്റോ
9. സതി കെ തങ്കപ്പൻ
10. പ്രസന്നകുമാരി എം എൻ
11. മിനി മാത്യു
12. ഷൈജു ജോൺ
13. ശരത് കൃഷ്ണൻ
14. രമ്യാ ടി എസ്
15. ദീപ ഡി പിള്ളൈ

അനുബന്ധം 2

സ്കൂൾ എം പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി

അനുബന്ധം 3

## സ്കൂൾ വികസന സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി